നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എ. മാണി): സർ, കരകുളം ശുദ്ധജല വിതരണ പദ്ധതിയുടെ പണി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. പമ്പ് സെറ്റും ഘടിപ്പിച്ചു കഴിഞ്ഞു. ഇനി കണക്ഷൻ കിട്ടിയാൽ ഉടനെ കമ്മീഷൻ ചെയ്യാം.

(48) പാലക്കാട് ജില്ലയിൽ വരൾച്ച മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. സി. വാസുദേവ മേനോൻ: സർ, കഴിഞ്ഞ മൂന്നു വർഷമായിട്ട് പാലക്കാട് ജില്ലയിൽ തുടർച്ചയായിട്ട് വരൾച്ചയാണ്. ഈ വർഷവും മലമ്പുഴയുടെ ടെയിൽ ലാൻഡടക്കം വരൾച്ച ബാധിത പ്രദേശമാണ്. ചിറ്റൂർ താലൂക്കിൽ പതിനായിരക്കണക്കിന് കർഷക തൊഴിലാളികളുടെ നെൽക്കൃഷിയടക്കമുള്ള കൃഷികൾ നശിച്ചിരിക്കുകയാണ്. ഇതിന് ശാശ്വതമായിട്ട് ഒരു പരിഹാരം കാണുന്നതിന് കുറിയാർകുറ്റി—കാരപ്പാറ പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ശക്തിയായി ഈ സഭയിൽത്തന്നെ വന്നിട്ടുള്ളതാണ്. പാണ്ടിയാർ—പുന്നപ്പുഴ പദ്ധതിയും, സൈലൻറ്വാലി പദ്ധതിയും, ജലസേചനപദ്ധതിയായി പരിഗണിക്കാമെന്ന് ഈ സഭയിൽത്തന്നെ ഉറപ്പു നൽകിയതാണ്. കേന്ദ്രഗവൺമെൻറും ഇക്കാര്യത്തിൽ പുനരാവിഷ്കരിച്ച ഒരു പദ്ധതി സമർപ്പിക്കുകയാണെങ്കിൽ അതു നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമെന്നു പറഞ്ഞു. ഇക്കാര്യത്തിൽ വളരെ അടിയന്തിരമായിട്ട് ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ പാലക്കാട് ജില്ല ഒരു മരുഭൂമിയായിട്ട് പ്രഖ്യാപിക്കേണ്ടിവരും. പാലക്കാട് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന് ഞാൻ പറയുന്നില്ല. ഇതിന് ഒരു പരിഹാരമുണ്ടാക്കണം. എന്നുമാത്രമല്ല, വരൾച്ച ബാധിക്കുന്ന കാലത്തു വെള്ളം വിതരണം ചെയ്യുന്നത് വാസ്തവത്തിൽ കർഷകർക്ക് വിൽക്കുകയാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് വെള്ളം വിലയ്ക്ക് വിൽക്കുകയാണ്. ഇത്തരത്തിൽ അഴിമതിയും നടക്കുന്നു. അതിന് ഒരു പരിഹാരം കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എ. മാണി): സർ, ഈ പ്രദേശങ്ങളിലുള്ള ജലക്ഷാമം വളരെ രൂക്ഷമാണ്. കുറിയാർകുറ്റി—കാരപ്പാറ പദ്ധതി നടപ്പിലാക്കാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ട്. ആ നടപടികളിൽനിന്നു പുറകോട്ട് പോയിട്ടില്ല. പക്ഷേ കേന്ദ്രപരിസ്ഥിതി വകുപ്പിൻറെ ഒബ്ജക്ഷൻ കാരണത്താലാണ് അത് ഏറ്റെടുക്കാൻ കഴിയാതെ പോയിട്ടുള്ളത്. മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിൽ ഗവൺമെൻറ് ശ്രദ്ധ പതിക്കുന്നതാണ്. ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(49) ലക്ഷം വീടു പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ ശോച്യാവസ്ഥ

ശ്രീ. ടി. എസ്. ജോൺ: സർ, 1972 മുതൽ 1975 വരെയുള്ള കാലയളവിൽ ഏതാണ്ട് 50000—ൽപ്പരം വീടുകൾ ലക്ഷം വീട് പദ്ധതി പ്രകാരം ഉണ്ടാക്കിയിട്ടുണ്ട്. അതിൽ 30,000—ൽപ്പരം വീടുകളും ഇപ്പോൾ വളരെ ശോചനീയമായ സ്ഥിതിയിലാണ്. തകർന്ന

LIBRARY ARCHIVES Kerala Legislative Assembly